**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 780** **24-08-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ രാഷ്ട്രകവി മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ രാഷ്ട്രകവി മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകത്തിന് ധനസഹായം നൽകണമെന്ന ഹർജി പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകത്തിന് ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സാംസ്കാരികവകുപ്പദ്ധ്യക്ഷൻ ആവശ്യപ്പെട്ടിരുന്നത് ട്രസ്റ്റ് അധികൃതർ നാളിതുവരെയും ഹാജരാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| (ബി) | സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ബുദ്ധിമുട്ടിലായിരിക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ; | (ബി) | ഗോവിന്ദ പൈ സ്മാരകത്തിന് വാർഷിക ധനസഹായമായി നിലവിൽ 37,500/-രൂപ (മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ് രൂപാ മാത്രം) അനുവദിച്ചുവരുന്നു. വാർഷിക ധനസഹായത്തിനുള്ള അപേക്ഷ, അനുബന്ധ രേഖകൾ (ആഡിറ്റ് റിപ്പോർട്ട്, ചെലാൻ രസീത്) എന്നിവ ഹാജരാക്കാത്തതിനാൽ 2020-21, 2021-22 വർഷങ്ങളിലെ ധനസഹായം അനുവദിച്ചു നൽകിയിട്ടില്ല. കൂടാതെ ടി സ്ഥാപനത്തിന് 2021-22, 2022-23 വർഷങ്ങളിലായി വകുപ്പിലെ 2205-00-102-77-56 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ പ്രത്യേക ധനസഹായമായി 10,00,000/-(പത്ത് ലക്ഷം രൂപാ മാത്രം) വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് അനുവദിച്ചു നൽകുന്നത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സ്ഥാപനം ഇതുവരെയും സമർപ്പിച്ചിട്ടില്ല. ആവശ്യമായ രേഖകൾ/പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് നടപ്പു വർഷം വകയിരുത്തിയ തുക അനുവദിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (സി) | ഈ സ്ഥാപനത്തിന് കർണ്ണാടക സർക്കാർ എത്ര തുകയാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത വിവരം ലഭ്യമല്ല. |
| (ഡി) | ഈ സ്ഥാപനത്തിന്റെ ഭരണസമിതി | (ഡി) | ഭരണസമിതി പുനഃസംഘടിപ്പിക്കുന്ന വിഷയം |

| | | | |
|---|---|---|---|
| | പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | | സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ